പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ :543 24.01.2018 ലെ മറുപടിക്ക്

**മലബാർ മേഖലയിൽ കയർ വ്യവസായം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി. അബ്ദുറഹിമാൻ | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ മന്ത്രി) |

| | |
|---|---|
| എ) സംസ്ഥാനത്ത് നാളികേര ഉല്പാദനത്തിൽ മുന്നിൽ നിൽക്കുന്ന മലബാർ മേഖലയിൽ കയർ വ്യവസായം പ്രോത്സാഹിപ്പിക്കുന്ന ഏതെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; | എ) മലബാർ മേഖലയിൽ കയർ വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിനായി പുതിയ ഡി.എഫ്. മില്ലുകൾ സ്ഥാപിക്കുന്നതാണ്. ഇതിന്റെ ഭാഗമായി പാലക്കാട് ജില്ലയിലെ നെന്മാറയിൽ (പൊന്നാനി കയർ പ്രോജക്റ്റ്) കയർഫെഡിന്റെ ആഭിമുഖ്യത്തിൽ 30000 തൊണ്ട് പ്രതിദിനം ചകിരിയാക്കാൻ കഴിയുന്ന 2 മെഷീനുകൾ ഉൾക്കൊള്ളുന്ന ഫാക്ടറി സ്ഥാപിക്കുന്നതിനുള്ള നടപടി പൂർത്തിയായി കഴിഞ്ഞിട്ടുണ്ട്. അതിൽ ഒന്ന് പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. കുടുംബശ്രീ യൂണിറ്റുകളുമായി ബന്ധപ്പെട്ട് എറണാകുളം മുതൽ വടക്കോട്ടുള്ള ജില്ലകളിൽ ഡി.എഫ്. മെഷീനുകൾ സ്ഥാപിച്ച് ചകിരി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള ഉന്നതതല ചർച്ച നടന്നു വരുന്നു. 4.9 കോടി രൂപാ മലബാർ മേഖലയുടെ വികസനത്തിനായി കയർഫെഡിന് അനുവദിച്ചിട്ടുണ്ട്. കണ്ണൂർ ജില്ലയിലെ അമ്മാനപ്പാറയിൽ കുടുംബശ്രീയുടെ നേതൃത്വത്തിൽ ചകിരി മില്ല് സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |
| ബി) മലബാർ മേഖലയിൽ തൊണ്ട് സംഭരിക്കുന്നതിന് കയർഫെഡ് എന്തെങ്കിലും സംവിധാനം ഒരുക്കിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ; | ബി) മലബാർ മേഖലയിൽ ചകിരി മില്ലുകൾ കയർഫെഡ് സ്ഥാപിച്ചിട്ടുണ്ട്. ഈ മില്ലുകളിൽ തൊണ്ട് സംഭരണം ശക്തമായി നടപ്പിലാക്കിയിട്ടുണ്ട്. |
| സി) മലബാർ മേഖലയിൽ തൊണ്ട് സംഭരിക്കുന്നതിനും കയർ വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിനുമായി ഭാവിയിൽ പ്രത്യേക പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; | സി) മലബാർ മേഖലയിൽ പുതിയ ചകിരി മില്ലുകൾ സ്ഥാപിക്കുന്നതിനും ഇപ്പോൾത്തന്നെ അമ്മാനപ്പാറയിൽ സ്ഥാപിച്ചിട്ടുള്ള മില്ലുകളിൽ നിന്നും ചകിരി ശേഖരിക്കുന്നതിനും കയർഫെഡ് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| ഡി) കയർ വ്യവസായ യൂണിറ്റുകൾ ആധുനികവത്കരിക്കുന്നതുമായി ബന്ധപ്പെട്ട് നടപ്പിലാക്കി വരുന്ന | ഡി) പരമ്പരാഗത രീതിയിൽ കയർപിരിക്കുന്നതിൽ നിന്ന് മാറി ഇലക്ട്രോണിക് റാട്ടുകൾ ഉപയോഗിച്ച് കയർ പിരിക്കുന്നതിനായി 8000-ത്തോളം റാട്ടുകൾ 10 പ്രോജക്റ്റുകളിലെ വിവിധ സംഘങ്ങൾക്കായി |

| | |
|---|---|
| | ഉൽപ്പാദന ക്ഷമത കൂട്ടുന്നതിന് ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. ചകിരി ഉൽപ്പാദനത്തിനായി ഹെവിഡ്യൂട്ടി ഡി.എഫ്. മെഷീനുകളും ഇടത്തരം ഡി.എഫ്. മെഷീനുകളും സ്ഥാപിച്ചുവരുന്നു. ഈ സർക്കാരിന്റെ കാലയളവിൽ 1000 ഡി.എഫ്. മില്ലുകൾ സ്ഥാപിക്കുന്നതിന് നടപടികൾ പുരോഗമിക്കുന്നു. കയർ വ്യവസായത്തെ സമ്പൂർണ്ണമായി ആധുനീകരിക്കുന്നതിനുള്ള രണ്ടാം കയർ പുന:സംഘടനാ പദ്ധതി നടപ്പിലായിത്തുടങ്ങിയിട്ടുണ്ട്. ഇതിനാവശ്യമായ അധിക ഫണ്ട് എൻ.സി.ഡി.സി മുഖേനയാണ് കണ്ടെത്തുന്നത്. ഇതിന് തത്വത്തിൽ അംഗീകാരമായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ